**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യപരിപാലനത്തിനുള്ള തദ്ദേശീയ സാങ്കേതിക വിദ്യകളും തെരഞ്ഞെടുക്കപ്പെട്ട ഇതര സാങ്കേതികവിദ്യകളും ഗാർഹികതലം/റസിഡൻഷ്യൽ കോളനിതലം/സ്കൂളുകളടക്കമുള്ള ഇതര സ്ഥാപനതലങ്ങളിൽ സ്ഥാപിക്കുന്നത് - മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയ ഉത്തരവ് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശ സ്വയംഭരണ (ഡിസി) വകുപ്പ്

സ.ഉ (സാധ) നമ്പർ 2614/2012/തസ്വഭവ തീയതി, തിരുവനന്തപുരം 17.09.2012

==========================================================================

പരാമർശം: 1) സ.ഉ.(സാധ) നം. 718/2012/തസ്വഭവ തീയതി 9.3.2012.
2) സ.ഉ.(സാധ) നം. 1457/2012/തസ്വഭവ തീയതി 28.5.2012.

**ഉത്തരവ്**

പരാമർശം(2)ലെ സർക്കാർ ഉത്തരവ് പ്രകാരം ഗാർഹിക/ഗാർഹിക സമുച്ചയ/റസിഡൻഷ്യൽ കോളനി/സ്കൂളുകളടക്കമുള്ള ഇതര സ്ഥാപനങ്ങളിൽ മാലിന്യപരിപാലനത്തിന് വേണ്ടി സ്ഥാപിക്കുവാൻ കഴിയുന്ന തദ്ദേശീയമായ സാങ്കേതിക വിദ്യകളും തെരഞ്ഞെടുക്കപ്പെട്ട ഇതര സാങ്കേതികവിദ്യകളും പഠനവിധേയമാക്കിയ കമ്മിറ്റി റിപ്പോർട്ട് ഉറവിടമാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുവാനായി സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ അപ്പാർട്ട്മെന്റ്/റസിഡൻഷ്യൽ കോളനികളിൽ സ്ഥാപിക്കുവാനായി നിർദ്ദേശിക്കപ്പെട്ട സാങ്കേതികരീതികൾക്ക് ഉപരിയായി ബയോടോയ്‌ലറ്റ്, ഇ-ടോയ്‌ലറ്റ് സാങ്കേതികരീതികൾ സ്ഥാപനങ്ങളുടേയും, സ്ഥലങ്ങളുടേയും സാഹചര്യങ്ങൾക്ക് അനുസൃതമായി ടോയ്‌ലറ്റ് മാലിന്യസംസ്കരണത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കാവുന്നതാണ് എന്നതും കൂടി ടി സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തിയിരുന്നു.

എന്നാൽ ബയോടോയ്‌ലറ്റ്, ഇ-ടോയ്‌ലറ്റ് എന്നീ സംവിധാനങ്ങളുടെ യൂണിറ്റ് നിരക്ക് നിശ്ചയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ടി സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കുമ്പോൾ ആയത് നിലവിലുള്ള സർക്കാർ നിയമത്തിൽ പ്രതിപാദിക്കുന്നതു പോലെ ദർഘാസ്/ക്വട്ടേഷൻ മുഖാന്തിരം നടപ്പിലാക്കേണ്ടതാണ്. കൂടാതെ പരാമർശം(1)ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ ബയോടോയ്‌ലറ്റ്, ഇ-ടോയ്‌ലറ്റ് എന്നീ സംവിധാനങ്ങൾ നഗരപഞ്ചായത്തുകളിലും നഗരസഭകളിലും വിനോദസഞ്ചാര കേന്ദ്രങ്ങളിലും മാത്രം സ്ഥാപിക്കാൻ പരിമിതപ്പെടുത്തേണ്ടതാണ്. പരാമർശം(1)ലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി വരുത്തി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
റ്റി.ജെ. മാത്യു,
സെക്രട്ടറി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
കമ്മിഷണർ, ഗ്രാമവികസന വകുപ്പ്.
എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസനവകുപ്പ് കമ്മിഷണർ മുഖേന)
ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (Audit), (A&E)/(LBA&A),Kerala,Thiruvananthapuram.
.കരുതൽ ഫയൽ/ ഓഫീസ് കോപ്പി.
Disposal No.Go(Rt)No.1457/2012/LSGD dated 28.5.2012

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ